പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1905

17.06.2013-ൽ മറുപടിക്ക്.

# തീരദേശ പോലീസ് സ്റ്റേഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എവിടെയെല്ലാം തീരദേശ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | : | (എ) തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ആദ്യഘട്ടമായി വിഴിഞ്ഞം (തിരുവനന്തപുരം), നീണ്ടകര (കൊല്ലം), തോട്ടപ്പള്ളി (ആലപ്പുഴ), ഫോർട്ട് കൊച്ചി (എറണാകുളം), അഴീക്കോട് (തൃശ്ശൂർ), ബേപ്പൂർ (കോഴിക്കോട്), അഴീക്കൽ (കണ്ണൂർ), തലങ്ങര (കാസർഗോഡ്) എന്നിവിടങ്ങളിലായി 8 തീരദേശ പോലീസ് സ്റ്റേഷനുകളും രണ്ടാംഘട്ടമായി പൂവാർ, അഞ്ചുതെങ്ങ് (തിരുവനന്തപുരം), അർത്തുങ്കൽ (ആലപ്പുഴ), വെണ്മനാട് (തൃശ്ശൂർ), പൊന്നാനി (മലപ്പുറം), ഏലത്തൂർ (കോഴിക്കോട് സിറ്റി), വടകര (കോഴിക്കോട് റൂറൽ), തലശ്ശേരി (കണ്ണൂർ), തൃക്കരിപ്പൂർ, കുമ്പള (കാസർഗോഡ്) എന്നിവിടങ്ങളിലായി 10 തീരദേശ പോലീസ് സ്റ്റേഷനുകളും അനുവദിച്ചിട്ടുണ്ട്. |
| (ബി) ഇവ സ്ഥാപിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | : | (ബി) ഒന്നാംഘട്ട തീരദേശ പോലീസ് സ്റ്റേഷനുകൾ പ്രവർത്തനം നടത്തിവരുന്നു. രണ്ടാം ഘട്ടത്തിൽ പത്ത് തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ പൂവാർ, വെണ്മനാട്, കുമ്പള, അഞ്ചുതെങ്ങ്, തൃക്കരിപ്പൂർ, അർത്തുങ്കൽ, ഏലത്തൂർ എന്നീ ഏഴ് തീരദേശ പോലീസ് സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണത്തിനായി അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ രണ്ടാംഘട്ടത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള നാല് ബോട്ട് ജെട്ടികളുടെ നിർമ്മാണവും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ